9 -ാം വർഷം
2026
ആഗസ്റ്റ് 9, 2026
കൈത്താ 5-ാം ഞായർ



Laity Reflect on
Syro-Malabar Sunday Mass
SCRIPTURE READINGS



# അന്തഛിദ്രം വിതയ്ക്കുന്ന നാശം

ലേവ്യർ 16:20- 28, ഏശയ്യ 14:1-15, യൂദാ 1:8-14, ലൂക്ക 11:14-26

എന്റെ മകനെ സ്കൂളിൽ നിന്ന് വിളിച്ചുകൊണ്ടു വരുംവഴി മിക്ക വാറും അവൻ ആവശ്യപ്പെടുന്നൊരു കാര്യമാണ് അമ്മേ നമുക്കാ സ്പൂക്കി ഹൗസ് വഴി പോകാമെന്ന്. നല്ലൊരു വീട് മതിലും ജനലുമെല്ലാം തകർന്ന് അനാഥമായി കിടപ്പുണ്ട്, ഞങ്ങളുടെ വീട്ടിലേക്കുള്ള ഒരു വഴിയിൽ. ഈ നാട്ടിൽ പുതിയതായതുകൊണ്ട് എന്തുകൊണ്ടാണ് അത്രയും നല്ലൊരു വീട് നശിക്കാനായി ഉപേക്ഷിക്കപ്പെട്ടി രിക്കുന്നതെന്നത് ഞങ്ങൾക്കിടയിൽ ചർച്ചയായി. എന്റെ ജേർണലിസ്റ്റ് തലയിൽ വല്ല കൊലപാതകവും നടന്നിരിക്കാമെന്ന് വരെ ചിന്തയുദിച്ചു. ഉപേക്ഷിക്കപ്പെട്ട നിലയിൽ ഒരു സ്കോർപിയോയും വിറകിറക്കാതെ ഒരു പിക്-അപ്പും മുറ്റത്തുണ്ടായി രുന്നു. ഇതൊക്കെ ഇങ്ങനേ ഇട്ടിട്ട് ആരേലും പോകുമോ?

സംശയം തീരാതെ നാട്ടുകാരനായ ഒരാളോട് ചോദിച്ചപ്പോഴറിഞ്ഞു, സ്വത്തിന് വേണ്ടി വീട്ടുടമസ്ഥന്റെ രണ്ട് ഭാര്യമാരും അവരുടെ മക്കളും തമ്മിലുള്ള വഴക്കും കേസും കാരണം ഒരു ദിവസം വീടുപേക്ഷിക്കപ്പെട്ട താണ്! ഒരു വീടിനുവേണ്ടിയുള്ള കാത്തിരിപ്പും അധ്വാനവും എത്രത്തോളം കഠിനമാണെന്ന് അറിയുന്നതുകൊണ്ട് തന്നെ ആ വീടിനെ കുറിച്ചോർക്കുമ്പോഴേ എനിക്ക് നെഞ്ചു വേദനിക്കും. ഭിന്നത കേവലം ഭൗതീകമായ നഷ്ടങ്ങൾക്ക് മാത്രമല്ല കാരണമാകുന്നത്, അന്തഛിദ്രം ആത്മീയമേഖലയിൽ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ വളരെ വലുതാണ്.



തങ്കം തോമസ്

നിസാരമെന്ന് തോന്നുന്ന മൂലപാപങ്ങൾ നമ്മുടെ ആത്മീയമേഖലയിലും ബന്ധങ്ങളിലും നാശം വിതയ്ക്കാതിരിക്കാൻ അവയ്ക്കെതിരായ പുണ്യങ്ങളുടെ ബോധപൂർവമായ പരിശീലനം അനുദിനജീവിതത്തിൽ വേണ്ടതിന്റെ ആവശ്യകതയാണ് ഇന്നത്തെ വേദഭാഗങ്ങളിലൂടെ സഭാമാതാവ് നമ്മുടെ വിചിന്തനത്തിനായി നൽകിയിരിക്കുന്നത്

## അന്ധകാരത്തിലേക്കും തള്ളിയിടുന്ന മൂലപാപങ്ങൾ

ലൂക്കാ സുവിശേഷത്തിന്റെ 11-ാം അധ്യായത്തിലെ 16 മുതൽ 23 വരെയുള്ള വാക്യങ്ങൾ ഈശോ ഊമനെ സുഖപ്പെടുത്തിയതിനെ തുടർന്ന് ജനങ്ങൾക്കിടയിലുണ്ടായ പ്രതികരണങ്ങളും ഈശോയുടെ പ്രവർത്തികളോടുള്ള അവരുടെ മനോഭാവങ്ങളുമാണ് വിവരിക്കുന്നത്. ഈശോ ബേൽസബൂലിനെ കൊണ്ടാണു പിശാചുക്കളെ പുറത്താക്കുന്നതെന്ന ആരോപണം ജനം ഉന്നയിക്കുന്നു. ആരാണ് ഈ ബേൽസബൂൽ? ഫിലിസ്ത്യർ, പ്രാണികളുടെ ദേവനായി ആരാധിക്കുന്ന സങ്കൽപമാണ് ബേൽസബൂൽ. മൂലപാപങ്ങളുടെ ദുഷ്ടാരൂപികളിലൊന്നാണ് ബേൽസബൂൽ, അസൂയയേയും അമിതാസക്തിയേയും പ്രതിനിധാനം ചെയ്യുന്ന തിന്മയുടെ അരൂപി. വീണ്ടും വീണ്ടും ആ വരികളിലൂടെ കടന്നുപോകുമ്പോൾ നാം തിരിച്ചറിയുന്നുണ്ട്, അസൂയയുടെ അരൂപിയായ ബേൽസബൂൽ ആ ജനക്കൂട്ടത്തിന്റെ ഉള്ളിലായിരുന്നെന്ന്. നിങ്ങളുടെ പുത്രൻമാർ ആരെക്കൊണ്ടാണ് പിശാചുക്കളെ പുറത്താക്കുന്നതെന്ന് മറുചോദ്യത്തിലൂടെ അവിടുന്ന് അവരെ നിശബ്ദരാക്കുന്നുണ്ട്.

പക്ഷെ ഈ വേദഭാഗത്തെ ഏറ്റവും പ്രധാനപ്പെട്ട ഓർമ്മപ്പെടുത്തൽ 17ാം വാക്യമാണ്. അന്തഛിദ്രമുള്ള രാജ്യം നശിച്ചുപോകും, അന്തഛിദ്രമുള്ള ഭവനവും വീണുപോകും. സാത്താനുപോലുമുള്ള ആ സാമാന്യബോധം പലപ്പോഴും നമുക്കുണ്ടാകാറില്ല. മനുഷ്യർക്കിടയിലെ ഭിന്നതയ്ക്കും മനുഷ്യരും ദൈവവുമായുള്ള അകൽച്ചയ്ക്കും കാരണമാകുന്നത് ബേൽസബൂൽ, അഥവാ അസൂയ അടക്കമുള്ള മൂലപാപങ്ങളല്ലേ? ഇടറിപ്പോയശേഷം വലിയ ദൈവാനുഭവത്തിലേക്കൊക്കെ തിരിച്ചുവരികയും, ക്രിസ്തുവിന് സാക്ഷ്യമാകുകയും ചെയ്ത പലരും സമൂഹത്തിന്റെ മുന്നിൽ ക്രിസ്തുവിനെ അപമാനിതനാക്കും വിധം പാപത്തിന്റെ പടുകുഴിയിൽ നിപതിച്ചതിന് കാരണം ഈ മൂലപാപങ്ങളാണ്. പതിനൊന്നാം അധ്യായം 25ാം വാക്യത്തിൽ മറ്റേതൊരു ദുഷ്ടാരൂപിയേക്കാളും ശക്തരായ ഏഴു ദുഷ്ടാത്മാക്കളെന്ന് ഈശോ പറയുന്നതും ഈ മൂലപാപങ്ങളെ കുറിച്ചുതന്നെയാണ്.

വലിയ കരിസ്മാറ്റിക് നവീകരണത്തിലൂടെ ലോകത്തിന് മുന്നിൽ ക്രിസ്തുവിന് സാക്ഷ്യമായി മാറിയ കേരള കത്തോലിക്കാ സഭയിലെ ഭിന്നതയ്ക്ക് പോലും കാരണം അന്വേഷിച്ച് നാം മറ്റെവിടെയും പോകേണ്ടതില്ല, വലിയ ആത്മീയ ഉണർവ് നിറഞ്ഞുനിന്നിടങ്ങളിൽ ദൈവാനുഭവങ്ങളേക്കാൾ ഭൗതികനേട്ടങ്ങൾ എങ്ങനെ വർധിപ്പിക്കാം എന്നതിലേക്കാണ് ശ്രദ്ധ പോയത്. നവീകരണത്തിന്റെ ജ്വാല അടിച്ചു വൃത്തിയാക്കിയിട്ടിടത്ത് ബേൽസബൂലും കൂട്ടരും വലതുകാൽ വച്ച് കയറി കുടിയിരിപ്പായി കുഴിതോണ്ടലുമായി. മൂക്കോളം മുങ്ങിയിട്ടും നമ്മളിപ്പോഴും നല്ല ആത്മവിശ്വാസത്തിലാണ്. ക്രിസ്തുവിനോടുകൂടെ നിൽക്കേണ്ടിയിരുന്നവർ ക്രിസ്തുവിനേക്കാൾ അധികാരത്തിനും ആഢ്യത്വത്തിനും പിന്നാലെ പാഞ്ഞുണ്ടാക്കിയ ഈ മുറിവ് എന്നെങ്കിലും ഉണങ്ങുമോ? ചേർത്തു പിടിക്കേണ്ടതിനു പകരം എന്റെ സഹോദരനേക്കാൾ ശ്രേഷ്ഠനാണെന്ന അഹംഭാവം നമ്മെ എങ്ങോട്ടൊക്കെയാണ് കൊണ്ടെത്തിക്കാൻ പോകുന്നത്?

അന്തഛിദ്രമുണ്ടാക്കിയതിന്റെ തിക്തഫലം ആദ്യം അനുഭവിച്ചത് സാത്താനാണ്. അതിനാൽ അവന് നന്നായി അറിയാം, ഭിന്നതയുടെ അനന്തരഫലത്തിന്റെ ആഴവും പരപ്പും. തേജോനക്ഷത്രം പോലൊരു മാലാഖ സ്വർഗത്തിൽ ഭിന്നിപ്പുണ്ടാക്കാൻ നോക്കി ഭ്രഷ്ടനായതാണല്ലോ പിശാച്. അതുകൊണ്ടാണ് കുഞ്ഞാട് ജീവൻ കൊടുത്തു വാങ്ങിയ നമ്മുക്കിടയിലും അവൻ അന്തഛിദ്രമുണ്ടാക്കാൻ നോക്കുന്നതും

## ലൂസിഫറിന്റെ പതനവും, അസസേലും

ഇന്നത്തെ വേദഭാഗങ്ങളിലൂടെ കടന്നുപോയപ്പോൾ ശ്രദ്ധയിൽപ്പെട്ടൊരുകാര്യം: മൂന്ന് തിന്മയുടെ ശക്തികളെ സഭാമാതാവ് ഈ വേദഭാഗങ്ങളിലൂടെ നമ്മുടെ മുന്നിൽ അവതരിപ്പിക്കുന്നുണ്ട്. ദൈവത്തേക്കാൾ ഉയരാൻ കൊതിച്ച് പാതാളത്തിന്റെ അഗാധത്തിലേക്ക് എറിയപ്പെട്ട പ്രഭാതനക്ഷത്രം അഥവാ ലൂസിഫർ, ലേവ്യരുടെ പുസ്തകത്തിലെ അസാസേയേൽ എന്ന പൈശാചിക ശക്തി, പിന്നെ ബേൽസബൂൽ. അഹങ്കാരം എന്ന മൂലപാപമാണ് പ്രഭാതനക്ഷത്രമായിരുന്ന ലൂസിഫറിന്റെ തകർച്ചയ്ക്ക് കാരണം. ദൈവത്തേക്കാൾ ഉയരാൻ കൊതിച്ചവൻ അത്യുന്നതങ്ങളിൽ നിന്ന് അഗാധത്തിലേക്ക് പതിച്ചത് ദൈവവുമായുള്ള സ്നേഹബന്ധത്തിൽ വന്ന വിള്ളലാണ്, ഭിന്നതയാണ്. നമ്മുടെ കഴിവുകളിലും മിടുക്കിലും ആശ്രയിച്ച് ദൈവത്തെ മറന്നു നാം വയ്ക്കുന്ന ഓരോ ചുവടും പാതാളക്കുഴിയിലേക്കുള്ളതാണ്. വ്യക്തിയും കുടുംബവും സഭയും സമൂഹവും എന്ന നിലയിൽ ദൈവവുമായുള്ള ബന്ധത്തിലും മനുഷ്യരുമായുള്ള ബന്ധത്തിലും നാം കാണിക്കേണ്ട ജാഗ്രതയാണ് ഏശയ്യാ പ്രവാചകൻ നമ്മെ ഓർമ്മിപ്പിക്കുന്നത്. ആകാശത്തോളം കൃപയാൽ ഉയർത്തപ്പെട്ടവന് കൃപ നഷ്ടപ്പെട്ടാൽ സംഭവിക്കുന്ന തകർച്ചയുടെ ആഴവും പരപ്പും ആർക്ക് അളക്കാൻ കഴിയും! വിശ്വാസവും ഭക്തിയും ഏത് നിമിഷത്തിൽ നമ്മുടെ ഇമേജ് ബിൽഡിങ്ങിനായി ഉപയോഗിക്കപ്പെടുന്നോ, ആ നിമിഷം നമ്മളും ലൂസിഫറായി മാറുകയാണ്.

ആലപ്പുഴ പട്ടണത്തെ വിറപ്പിച്ച കൊടും കുറ്റവാളിയുടെ മാനസാന്തരം ഒരു കാലത്ത് കൊട്ടിഘോഷിക്കപ്പെട്ട സുവിശേഷമായിരുന്നു, കഴിഞ്ഞ ദിവസം അയാളെ പീഡനക്കേസിൽ അറസ്റ്റ് ചെയ്തപ്പോൾ ഞാനോർത്തു, സാക്ഷ്യത്തേക്കാൾ ശക്തമായ എതിർസാക്ഷ്യമാകാൻ എന്തെളുപ്പമാണെന്ന്. ദൈവം തൊട്ടു ശുദ്ധിയാക്കിയ ഇടം ഇതാ വീണ്ടും പഴയതിലും നികൃഷ്ടമായ ഇടമായിരിക്കുന്നു, മനുഷ്യർക്ക് ദൈവത്തോട് പോലും ഒരകൽച്ച തോന്നും വിധം നികൃഷ്ടം.

## തിന്മയെ പാളയത്തിൽ നിന്ന് പുറത്താക്കണം

ലേവ്യരുടെ പുസ്തകം പതിനാറാം അധ്യായത്തിൽ നിന്നുള്ള ഇന്നത്തെ വായനയിൽ, ഈശോയുടെ മുൻരൂപമെന്നവണ്ണം പാപങ്ങളെ വഹിക്കുന്നൊരു കോലാടിനെ നാം കണ്ടുമുട്ടുന്നു. ജനത്തിന്റെ പാപങ്ങളും അകൃത്യങ്ങളും ഏറ്റുപറഞ്ഞ്, ആ കോലാടിന്റെ ശിരസിൽ ചുമത്തി, അഹറോൻ അതിനെ മരുഭൂമിയിലേക്ക് അയക്കുന്നു, അതിനെ കൊണ്ടുപോകുന്നയാൾ ആടിനെ മരുഭൂമിയിൽ ഉപേക്ഷിക്കണം. അസസേലിനായുള്ള ആടാണത്. അതിനെ കൊണ്ടുപോകുന്നയാൾ വസ്ത്രങ്ങളും ദേഹവും കഴുകിയതിനു ശേഷമേ പാളയത്തിൽ പ്രവേശിക്കാവൂ. അസസേൽ സൂചിപ്പിക്കുന്നത് പൈശാചിക ശക്തിയെ ആണ്, പാപത്തെ അതിന്റെ ഉറവിടത്തിൽ ഉപേക്ഷിക്കുന്നതു പോലെയൊരു ചടങ്ങാണ് യോംകിപ്പൂർ ദിനത്തിലെ ഈ ആചാരം. ദൈവീകമായ ഇടത്തു നിന്ന് പാപത്തെ നിശ്ശേഷം ഒഴിവാക്കുന്നതിൽ പുലർത്തേണ്ട ജാഗ്രതയാണ് ഈ വേദഭാഗം വിചിന്തനം ചെയ്യുന്നത്. വർഷത്തിൽ ഒരിക്കൽ ചെയ്യണമെന്ന് ദൈവം ഇസ്രയേൽ സമൂഹത്തോട് ആവശ്യപ്പെടുന്ന ഈ പാപപരിഹാരം നമുക്ക് ക്രിസ്തുവിന്റെ സഭയിൽ അനുരഞ്ജനകൂദാശയായി മാറുന്നു.

നിരന്തരമായി ശുചീകരിക്കപ്പെടുന്ന ഭവനത്തിൽ മാലിന്യങ്ങളുണ്ടാവില്ല, എന്നാൽ ഒരിക്കൽ വൃത്തിയാക്കിയിട്ട് പിന്നീട് ആ വഴിക്ക് തിരിഞ്ഞു നോക്കിയില്ലെങ്കിൽ വീട് പണ്ടത്തേതിലും മലിനമാകും. പാപപരിഹാരം നിരന്തരമായി നടക്കേണ്ട ഒരു പ്രക്രിയയാണ്. നാം ദുർബലരായ മനുഷ്യരാണ്, വീഴാനുള്ള സാധ്യത ഏറെയുണ്ട്. അനുരഞ്ജനകൂദാശയുടെ മുടക്കം കൂടാതെയുള്ള സ്വീകരണം നമ്മെ കൂടുതൽ ശക്തരും വിശുദ്ധരുമാക്കും

## മിഖായേൽ മാലാഖയിൽ നിന്ന് പഠിക്കാം

അപ്പോസ്തലനായ യൂദാസ് തന്റെ ലേഖനത്തിലൂടെ നമ്മെ അനുസ്മരിപ്പിക്കുന്നതും മൂലപാപങ്ങൾക്ക് അടിപ്പെട്ട്, ചില മാലാഖമാരും സോദോമിലേയും ഗോമോറയിലേയും ജനങ്ങളും കൊയ്ത നിത്യനാശത്തിന്റെ പാതയിലേക്ക് പോകരുതെന്നാണ്. തങ്ങൾക്ക് മനസിലാകാത്ത കാര്യങ്ങളെ ദുഷിക്കുന്നത് മനുഷ്യസഹജമാണെന്ന് അപ്പോസ്തലൻ പറയുമ്പോൾ ഈശോ ഊമനിൽ നിന്ന് പിശാചിനെ പുറത്താക്കിയ വേദഭാഗം നമുക്ക് കൂടുതൽ മനസിലാക്കാൻ പറ്റും. അംഗീകാരത്തിനും, അധികാരത്തിനും , ആസക്തികൾക്കും വേണ്ടി മറ്റുള്ളവരോടും ദൈവത്തോടും നാം കാട്ടിക്കൂട്ടുന്നതെല്ലാം അന്ധകാരത്തിലേക്കാണ് നമ്മെ കൊണ്ടെത്തിക്കുകയെന്ന് കായേന്റെയും ബാലാമിന്റെയും ഉദാഹരണങ്ങളിലൂടെ യൂദാസ് അപ്പോസ്തലൻ നമ്മെ ഓർമിപ്പിക്കുന്നു.

നമ്മുടെ ബലിവേദികളാണ് നമ്മുടെ സ്നേഹവിരുന്നുകൾ, നമുക്ക് ദൈവത്തോടും പരസ്പരവും ചേർന്നു നിൽക്കാനാവാത്ത വിധം ആ ബലിവേദികളിൽ വെറുപ്പിന്റെ, ഭിന്നതയുടെ, സ്നേഹരാഹിത്യത്തിന്റെ കറ പുരണ്ടിട്ടുണ്ടെങ്കിൽ പരിഹാരം ചെയ്യാനും പത്തിരട്ടി സ്നേഹത്തോടെ തിരിച്ചു ചെല്ലാനും നാമിനിയും വൈകരുത്.

മോശയുടെ ശരീരത്തെ ചൊല്ലി തർക്കിച്ച സാത്താനോട് മിഖായേൽ മാലാഖ സ്വീകരിച്ച നിലപാട് ക്രിസ്തുവിന്റെ പടയാളികളായ നമുക്കും ബാധകമാണ്. എതിരാളിയെ എങ്ങനെയും തോൽപിക്കണം എന്ന ചിന്ത നമുക്ക് സഹജമാണ്. ആ പോരാട്ടത്തിൽ നമ്മുടെ അഹന്തയും അഹങ്കാരവുമെല്ലാം പുറത്തു ചാടാറുമുണ്ട്. അതാണോ ദൈവം നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്നത്? സ്വർഗ്ഗീയ സൈന്യാധിപന്റെ എളിമ. എതിരെ നിൽക്കുന്നവന്റെ അസ്തിത്വത്തെ നിന്ദിക്കാതിരിക്കാൻ മുഖ്യദൂതനായ മിഖായേൽ പുലർത്തിയ അതേ ജാഗ്രത ദൈവം ക്രിസ്ത്യാനിയിൽ നിന്നും പ്രതീക്ഷിക്കുന്നു. ഓ, എന്റെ കർത്താവേ, യൂദാസ് അപ്പോസ്തോലന്റെ വാക്കുകൾ എന്നെ ലജ്ജിപ്പിക്കുന്നു. തർക്കങ്ങളിൽ, അഭിപ്രായ ഭിന്നതകളിൽ ജയിക്കാൻ വേണ്ടി എന്തെല്ലാം പറഞ്ഞിരിക്കുന്നു, ചെയ്തിരിക്കുന്നു. സ്വർഗ്ഗീയ സൈന്യാധിപനായ മിഖായേൽ, സാത്താനോട് കാട്ടിയ പ്രതിപക്ഷബഹുമാനം എന്റെയും കൂടി ഈശോയ്ക്കുള്ള തിരുത്താണ്. നിന്റെ കരുണയിൽ, ദൈവീകപുണ്യങ്ങിൽ ഇനിയെങ്കിലും ഞാൻ ചുവടുവയ്ക്കട്ടെ.

(മാധ്യമപ്രവർത്തകയും എഴുത്തുകാരിയും ആണ് ലേഖിക)

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com